**ലേലം 30/ 9 /2023 ശനിയാഴ്ച രാവിലെ 11 മണിക്ക് പ്രസ്തുത കെട്ടിടത്തിൽ വച്ച് നടത്തുന്നതാണ്.**

**നിബന്ധനകൾ**

- ലേലത്തിൽ പങ്കെടുക്കുന്നവർ വനിതകളായിരിക്കണം. വനിതകളായ വ്യക്തികൾക്കോ, ഗ്രൂപ്പകൾക്കോ , വനിതകൾ നടത്തുന്ന സ്ഥാപനങ്ങൾക്കോ ലേലത്തിൽ പങ്കെടുക്കാം.
- കാക്കൂർ സ്ഥിതി ചെയ്യുന്ന കെട്ടിട്ടത്തിൽ വച്ച് തന്നെ ആയിരിക്കും ലേലം നടത്തുക. ലേലം രാവിലെ 11 മണിക്ക് ആരംഭിക്കുന്നതായിരിക്കും. ലേലം തുടങ്ങിയ ശേഷം ആരേയും ലേല ഹാളിൽ പ്രവേശിക്കുവാൻ സമ്മതിക്കില്ല.
- ഒരു വർഷ കാലത്തേക്ക് ആയിരിക്കും നടത്തിപ്പിനുള്ള അവകാശം നൽകുക. എന്നാൽ യുക്തമെന്ന് തോന്നുന്ന പക്ഷം കാലാവധി നീട്ടി നൽകുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കും
- ലേലത്തോടൊപ്പം മുദ്രവച്ച കവറിലുള്ള ക്വട്ടേഷനും സ്വീകരിക്കുന്നതാണ്.
- ലേലത്തോടൊപ്പം നൽകുന്ന മുദ്രവച്ച കവറിന് മുകളിൽ **"കാക്കൂർ വർക്ക് ഫ്രം നൈബർഹുഡ് ഏറ്റെടുത്ത് നടത്തുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
- ആദ്യം ലേലം നടത്തുന്നതും ലേലത്തിനുശേഷം ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്.
- ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകക്ക് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.
- ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 10,000/- രൂപയുടെ നിരതദ്രവ്യം ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
- ലേലം/ക്വട്ടേഷൻ ലഭിക്കാത്തവർക്ക് ഒരു മാസത്തിനുള്ളിൽ ഡെപ്പോസിറ്റ് തുക അവരുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതാണ്. .
- കെട്ടിട സൗകര്യം ഉപയോഗിക്കുന്നതിനുള്ള മാസ വാടക അടിസ്ഥാന തുക 30,000/- രൂപയും ഡെപ്പോസിറ്റ് അടിസ്ഥാന തുക 3,00,000/- ആയിരിക്കും.ഈ അടിസ്ഥാന തുകയിലാണ് ലേലം ആരംഭിക്കുന്നത്.
- തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് കാക്കൂരിൽ സ്ഥിതിചെയ്യുന്ന ആധുനിക സൗകര്യങ്ങളോടെ ഫർണിഷ് ചെയ്ത 2220 സ്ക്വയർ ഫീറ്റ് കെട്ടിടം

വർക്ക് ഫ്രം നൈബർഹുഡ്, ഓഫീസ് ഷെയറിങ് എന്നിവയ്ക്കായി വാടക ഈടാക്കി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്നതിനുള്ള അവകാശമാണ് ലേലം ചെയ്ത് നൽകുന്നത്.

- ഈ കെട്ടിടത്തിൽ കോൺഫറൻസ് ഹോൾ കഫറ്റേരിയ, 18 ക്യൂബിക്കുകൾ, എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും.
- ഈ സൗകര്യങ്ങൾ ഒന്നിച്ചോ പാർട്ടായോ വാടകയ്ക്ക് നൽകുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതാണ്.
- ഈ സൗകര്യങ്ങൾ മണിക്കൂർ /ദിവസ /മാസ/വാർഷിക വാടകയ്ക്ക് നൽകുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതാണ്.
- വാടക നിരക്ക് കരാറുകാരൻ ജില്ലാ പഞ്ചായത്തുമായി ചേർന്ന് തീരുമാനിക്കേണ്ടതാണ്.
- കെട്ടിടം പൂർണ്ണമായും ശീതീകരിച്ചതാണ്. കെട്ടിടത്തിൽ തടസ്സപ്പെടാത്ത വൈദ്യുതി, സ്പീഡ് ഇന്റർനെറ്റ്, മികച്ച രീതിയിലുള്ള ഫർണിച്ചർ (ഓഫീസ് ചെയർ, റിവോൾവിംങ് ചെയർ, കോൺഫറൻസ് ടേബിൾ, കോൺഫറൻസ് ചെയർ ) എന്നിവ ഉണ്ടായിരിക്കും.
- കെട്ടിടത്തിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ്/പ്രിന്റർ എന്നിവ ഉണ്ടായിരിക്കുന്നതല്ല.
- പ്രത്യേകമായി ആവശ്യപ്പെടുന്ന പക്ഷം കെട്ടിടവും അനുബന്ധ സൌകര്യങ്ങളും നേരിൽ കാണുന്നതിന് സൌകര്യം ഒരുക്കുന്നതാണ്.
- എല്ലാവിധ ആവർത്തന ചെലവുകളും, വൈദ്യുതി കരം, ഇന്റർനെറ്റ് ഫീ ഉൾപ്പെടെ കരാറുകാരൻ വഹിക്കേണ്ടതാണ്.
- കെട്ടിടത്തിനുള്ളിലെ ഫർണിഷിങ്ങിന് ഏതെങ്കിലും തരത്തിലുള്ള രൂപമാറ്റം വരുത്തുന്നതിന് കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല
- രാജ്യത്തും, കേരളസംസ്ഥാനത്തും നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ചു വേണം കരാറുകാരൻ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
- കെട്ടിടം വൃത്തിയായും, ഭംഗിയായും സൂക്ഷിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
- കരാറുകാരൻ കെട്ടിടത്തിനോ കെട്ടിടത്തിലെ ഏതെങ്കിലും ഫർണിഷിങ്ങിനോ ഉപകരണത്തിനോ കേടുവരുത്തുവാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്ന പക്ഷം നഷ്ടം ഭരണസമിതി നിശ്ചയിക്കുന്ന പിഴയോടൊപ്പം സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.
- ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻതന്നെ സെക്യൂരിറ്റി തുകയയുടെ 25% തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

- ലേലം കൊള്ളുന്നവർ ജില്ലാ പഞ്ചായത്തുമായും തിരുമാറാടി ഗ്രാമപഞ്ചായത്തുമായും നിയമാനുസൃത ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്.
- ലേലത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പറും, ഒപ്പും ലേല രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- ലേലത്തുക (വാടക) അടവാക്കുമ്പോൾ അതാതു കാലങ്ങളിൽ നിലവിലുള്ള ജി.എസ്.റ്റി നിരക്ക് ബാധകമായിരിക്കും.
- ലേലം കൊള്ളുന്നവർ എല്ലാ മാസവും മൂന്നാം തീയതിക്ക് മുമ്പായി വാടക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

Contact Numbers

9946135071

9037170969

Secretary
District Panchayat
Ernakulam